URC-U-MLY

മലയാളം / MALAYALAM
പേപ്പർ I / Paper I
(സാഹിത്യം) / (LITERATURE)

സമയം : **മൂന്ന്** മണിക്കൂർ
*Time Allowed : **Three** Hours*

പരമാവധി മാർക്ക് : **250**
*Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/ വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

The number of marks carried by a question/part is indicated against it.

*Answers must be written in **MALAYALAM (Malayalam script)**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. ഓരോ ചോദ്യത്തിനും നൂറ്റമ്പതു് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) മൂലദ്രാവിഡഭാഷയിൽ നിന്നും ഉണ്ടായ സ്വതന്ത്ര ശാഖയാണ് മലയാളം എന്നു് വാദിക്കുന്ന പണ്ഡിതന്മാർ ആരൊക്കെ ? അവരുടെ വാദങ്ങൾ സംഗ്രഹിച്ചു് അവ എത്രത്തോളം സ്വീകാര്യമാണു് എന്ന് പരിശോധിക്കുക. *10*

(b) മണിപ്രവാളം ഭാഷാമിശ്രത്തിൽ നിന്ന് എങ്ങനെ വ്യത്യാസ്തമാവുന്നു ? ലീലാതിലകകാരന്റെ അഭിപ്രായം മുൻനിർത്തി വിവരിക്കുക. *10*

(c) പാട്ടിന്റെ നിർവ്വചനമെന്തു് ! അതു പൂർണമായും രാമചരിതം ഉൾക്കൊള്ളുന്നുണ്ടോ ? *10*

(d) ആട്ടകഥകളിൽ ദൃശ്യമാവുന്ന ഭാഷാപരമായ പ്രത്യേകതകൾ ഏവ ? ഉണ്ണായിവാരിയരുടെ നളചരിതത്തിലെഭാഷ ഇവയിൽനിന്നു് വ്യത്യസ്തമാണോ ? *10*

(e) കൊടുന്തമിഴ് മലയാളമായി പരിണമിക്കുന്നതിനിടയിലുള്ള കാലത്തെ വ്യത്യസ്തഘട്ടങ്ങളായി ഏ.ആർ. വിഭജിക്കുന്നതിന്റെ യുക്തി പരിശോധിക്കുക. *10*

Q2. (a) നിരണം കൃതികളുടെ ഭാഷാപരമായ സവിശേഷതകൾ വ്യക്തമാക്കുക ? *20*

(b) പ്രധാനപ്പെട്ട തെക്കൻ പാട്ടുകൾ ഏവ ? അവയുടെ ഭാഷാപരമായ പ്രാദേശിക മുദ്രകൾ കണ്ടെത്തുക. *15*

(c) കേരളീയരായ ക്രിസ്ത്യൻ മിഷനറിമാർ മലയാളഭാഷയുടെ പരിപോഷണത്തിനു് നല്കിയ സംഭാവനകൾ വിശദമാക്കുക. *15*

Optional Province · optionalprovince.com

Q3. (a) നമ്പ്യാർക്കവിതകളിൽ അക്കാലഘട്ടത്തിലെ കേരളീയ സാമൂഹിക ജീവിതം പ്രതിഫലിക്കുന്നതെങ്ങനെ ? *20*

(b) മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ഉത്ഭവത്തോടുബന്ധപ്പെട്ട് ലീലാതിലകത്തിൽനിന്ന് ലഭിക്കുന്ന വസ്തുതകൾ എന്തെല്ലാം ? *15*

(c) മലയാള ഭാഷയ്ക്ക് തമിഴുമായുള്ള ബന്ധത്തെപ്പറ്റി പി. ഗോവിന്ദപ്പിള്ള, ഏ.ആർ. എന്നിവർ പുറപ്പെടുവിച്ച അഭിപ്രായത്തിന്റെ യുക്തി പരിശോധിക്കുക. *15*

Q4. (a) എ.ആർ. രാജരാജ വർമ്മ അവതരിപ്പിക്കുന്ന ആറു് നയങ്ങൾ ഏതൊക്കെ ? അവ കൊടുന്തമിഴിൽ നിന്നു് മലയാളമുണ്ടായി എന്ന് സ്ഥാപിക്കാൻ സമർത്ഥമാണോ ? *20*

(b) പ്രാചീന മലയാളഗദ്യം എത്രത്തോളം സമ്പന്നമാണ് ? ഭാഷാ കൌടലീയം, ബ്രഹ്മാണ്ഡ പുരാണം, ആട്ടപ്രകാരം, ക്രമദീപിക എന്നിവയെ അടിസ്ഥാനമാക്കി ചർച്ചചെയുക. *15*

(c) ഭരണഭാഷ മലയാളമാകുമ്പോൾ സാമാന്യമായി ഉയർന്നുവരാവുന്ന പ്രശ്നങ്ങൾ എന്തൊക്കെ ? അവയ്ക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുക. *15*

Optional Province · optionalprovince.com

SECTION B

Q5. ഓരോ ചോദ്യത്തിനും നൂറ്റമ്പതു് വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) ഭക്തിയോടൊപ്പം ശൃംഗാരത്തിനും പ്രാധാന്യം നല്കപ്പെട്ടിട്ടുള്ള കാവ്യമാണു് കൃഷ്ണഗാഥ - ഈ അഭിപ്രായം വസ്തുതാപരമാണോ ? *10*

(b) സംസ്കൃതാചാര്യന്മാർ മഹാകാവ്യത്തിനു് നല്കിയ ലക്ഷണം മുൻനിർത്തി മലയാളത്തിലെ മഹാകാവ്യങ്ങളുടെ ശക്തിദൗർബ്ബല്യങ്ങൾ പരിശോധിക്കുക. *10*

(c) ചങ്ങമ്പുഴയുടെയും പി. യുടെയും കാല്പനിക ഭാവുകത്വത്തെ താരതമ്യം ചെയ്യുക. ? *10*

(d) വെണ്മണിക്കവികൾ ആരൊക്കെ ? അവർ കാവ്യഭാഷയെ പരിഷ്കരിച്ചതെങ്ങനെ ? *10*

(e) മലയാളത്തിലെ ആദ്യകാല കഥാകൃത്തുക്കളെ 'രസികന്മാരായ തറവാടികൾ' എന്നു് ഒരു സാഹിത്യ ചരിത്രകാരൻ വിശേഷിപ്പിക്കുകയുണ്ടായി - ഈ വിശേഷണം എത്രത്തോളം ശരിയാണ് ? *10*

Q6. (a) ആദ്ധ്യാത്മികചിന്തയും ഭക്തിയും പരസ്പരം ലയിപ്പിച്ചു് ഉദാത്തമായ കാവ്യലോകം സൃഷ്ടിച്ചു എന്നതാണ് എഴുത്തച്ഛനെ സാഹിത്യ ചരിത്രത്തിന്റെ ഉന്നതസ്ഥാനത്തു് പ്രതിഷ്ഠിക്കുവാൻ കാരണം - ശരിയോ ? *20*

(b) പതിത സ്ത്രീകളുടെ കഥപറയുന്ന കാവ്യങ്ങളെന്നനിലയിൽ മഗ്ദലനമറിയം, കരുണ എന്നിവയെ താരതമ്യം ചെയ്യുക. *15*

(c) സമകാലിക ജീവിതത്തെ ഗ്രസിച്ച നൈതിക പ്രശ്നങ്ങളെ ആനന്ദ് എന്ന നോവലിസ്റ്റു് എങ്ങനെയാണു് സമീപിക്കുന്നത് ? ഏതെങ്കിലും ഒരു നോവലിനെ അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *15*

Optional Province · optionalprovince.com

Q7. (a) മലയാള കവിതയിലെ ആധുനിക പ്രവണതകൾ എന്തൊക്കെ ? അയ്യപ്പപ്പണിക്കർ, എൻ.എൻ. കക്കാട്ട്, സച്ചിദാനന്ദൻ എന്നിവരുടെ രചനകളെ ആസ്പദമാക്കി വിശദീകരിക്കുക. *20*

(b) മലയാളനാടക സാഹിത്യത്തെ സി.ജെ. തോമസ് സമ്പന്നമാക്കിയത് എങ്ങനെ ? *15*

(c) ഒരു നോവൽവായനയുടെ സുഖം നൽകുന്നവയാണ് എസ്.കെ. പൊറ്റക്കാടിന്റെ സഞ്ചാര സാഹിത്യ കൃതികൾ എന്തുകൊണ്ട് ? *15*

Q8. (a) മണിപ്രവാളകവിതയുടെ എല്ലാ സ്വാഭാവ സവിശേഷതകളും ഒത്തിണങ്ങിയവയാണു് ചമ്പുക്കൾ - സമർത്ഥിക്കുക. *20*

(b) കാല്പനികതയുടെ മൃദുലഭാവങ്ങളെക്കാൾ ജീവിതയാഥാർത്ഥ്യങ്ങളുടെ പരുക്കൻ വശങ്ങളെയാണ് ഇടശ്ശേരിയും വൈലോപ്പിള്ളിയും സ്വകവിതകളിൽ ആവിഷ്കരിച്ചത്. വിചിന്തനം ചെയ്യുക. *15*

(c) ഇന്നത്തെ സാഹിത്യനിരൂപണം സമകാലിക സാഹിത്യത്തെ വിലയിരുത്തുന്നതിൽ എത്രത്തോളം വിജയിക്കുന്നുണ്ട് ? *15*

Optional Province · optionalprovince.com